**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം **നം.540**

**02.07.2019 -ൽ മറുപടിയ്ക്ക്**

## വനം വകുപ്പിന്റെ തോട്ടങ്ങളുടെ പരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജൻ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒന്നാം വർഷം മൂന്ന് തവണയും, തോട്ട പരിചരണത്തിന്റെ ഭാഗമായി രണ്ടാം വർഷം മൂന്ന് തവണയും, മൂന്നാം വർഷം 1 തവണയും കള നീക്കം ചെയ്യുന്നു. ഇതു കൂടാതെ ആവശ്യമുള്ള തോട്ടങ്ങളിൽ സ്പെഷ്യൽ വീഡിംഗും നത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ പ്രായം കുറഞ്ഞ തോട്ടങ്ങളിൽ വള പ്രയോഗവും നടത്തി വരുന്നു. നടുന്ന തൈകൾക്ക് ചുറ്റും പ്ലാറ്റ് ഫോം നിർമ്മിക്കുന്നതും, നശിച്ചുപോയ തൈകൾക്ക് പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കുന്നതും ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളും സ്വീകരിച്ചു വരുന്നു. പ്രായമായ തേക്ക് തോട്ടങ്ങളിൽ ഇത്തിൾകണ്ണികൾ വെട്ടിമാറ്റുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള വർക്കിംഗ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തേക്ക് തോട്ടങ്ങളിൽ തിന്നിംഗ് (ഇടവെട്ടൽ) നടത്തി വരുന്നു. |

| | |
|---|---|
| | കൂടാതെ ഫയർ സീസണിൽ പ്ലാന്റേഷനുകൾ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന് ഫയർലൈൻ നിർമ്മാണം നടത്തിയും, ഫയർ ഗ്യാംഗിനെ വിന്യസിച്ചും സംരക്ഷണ പ്രവർത്തി നടത്തി വരുന്നു. തോട്ടങ്ങളുടെ വളർച്ച കുറവാണെന്നു കണ്ടാൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിച്ച് ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാരുടെ ഉപദേശം തേടുകയും, അവർ നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. മേൽ മാർഗ്ഗങ്ങളിലൂടെ തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിന് പരിശ്രമം നടത്തി വരുന്നു. |
| (ബി) ദീർഘകാലം നിലനിൽക്കുന്ന ഇനങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ തുടങ്ങിയവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (ബി) അക്കേഷ്യ ഉൾപ്പെടെയുള്ള തോട്ടങ്ങൾ മുറിച്ചു മാറ്റുമ്പോൾ പകരം ദീർഘകാലം നിലവിൽക്കുന്ന ഹാർഡ് വുഡ് സ്പീഷീസിൽപ്പെടുന്ന ഈട്ടി, കമ്പകം, വെള്ളകിൽ തുടങ്ങിയവ വനം വകുപ്പിന്റെ പല തോട്ടങ്ങളിൽ നട്ട് പരിപാലിച്ചു വരുന്നു. മറ്റ് സർക്കിളുകളിൽ ഇവയ്ക്ക് മാത്രമായി ഇപ്പോൾ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല. |
| (സി) നിലവിലുള്ള തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കുമോ; | (സി) 60 വർഷം പ്രായം പൂർത്തിയാകുന്ന മുറയ്ക്കാണ് തേക്ക് തോട്ടങ്ങൾ അടച്ചുമുറിക്ക് പാകമാകുന്നത്. ഓരോ വനം ഡിവിഷന്റെയും കേന്ദ്ര സർക്കാർ അംഗീകൃത വർക്കിംഗ് പ്ലാനിൽ / മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവും ഫോറസ്റ്റ് കോഡിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവുമാണ് തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങൾ മുറിച്ചുമാറ്റുന്നത്.<br>നദികൾ, തോട് മറ്റ് നീർച്ചാലുകളുടെ 20 മീറ്റർ |

പരിധിയിലും, ചരിവ് കൂടിയ പ്രദേശങ്ങളിലും മരങ്ങൾ മുറിച്ചു മാറ്റാറില്ല.

(ഡി) പ്രകൃതിക്ക് ഹാനികരമല്ലാത്തതും (ഡി) പെട്ടെന്ന് വളരുന്ന ഇനത്തിൽ പ്പെട്ടതുമായ കട്ടികുറഞ്ഞ തടിയുള്ള മരങ്ങളുടെ തോട്ടങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

അക്കേഷ്യാ, വാറ്റിൽ, യൂക്കാലി തുടങ്ങിയ ഇനങ്ങൾ മുറിച്ചു മാറ്റുന്ന പ്രദേശങ്ങളിൽ പ്രകൃതിക്ക് ഹാനികരമല്ലാത്തതും പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ തദ്ദേശീയ മരങ്ങൾ നടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഓരോ ഡിവിഷന്റെയും കേന്ദ്ര സർക്കാർ അംഗീകൃത വർക്കിംഗ് പ്ലാനിൽ എപ്രകാരം നിഷ്കർഷിച്ചിരിക്കുന്നു എന്നതുകൂടി കണക്കിലെടുത്താണ് പെട്ടെന്ന് വളരുന്ന ഇനത്തിൽപെട്ടതും കട്ടികുറഞ്ഞ തടിയുള്ളതുമായ ഇനങ്ങൾ (ഉദാ: കുമ്പിൾ, ഫലവൃക്ഷങ്ങൾ, മുള, നെല്ലി, ഞാവൽ തുടങ്ങിയവ) നട്ടുപിടിപ്പിച്ചു വരുന്നത്.

2018 വർഷം മുതൽ യൂക്കാലിപ്റ്റസ്, അക്കേഷ്യാ, വാറ്റിൽ എന്നീ വിദേശവൃക്ഷങ്ങളുടെ നടീൽ വനം വകുപ്പ് നിർത്തലാക്കിയിട്ടുള്ളതാണ്.

Praveen

സെക്ഷൻ ഓഫീസർ